സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.60/21/S

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
15/07/2022

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- 2022 - 2023 വർഷത്തെ മാവേലിക്കര ഗ്രൂപ്പിലെ ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തിയെ തെരഞ്ഞെടുക്കുന്നത് - ആക്ഷേപം സംബന്ധിച്ച്.

സൂചന:- 1. വൈക്കം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 05/07/2022-ലെ 2125 നമ്പർ റിപ്പോർട്ട്.
2. ഈ ആഫീസിലെ 08/07/2022-ലെ മേൽ നമ്പർ ഉത്തരവ്.
3. ഹരിപ്പാട് ഗ്രൂപ്പിലെ കൊച്ചരയാകുളങ്ങര ശാന്തി ശ്രീ.വി.ശങ്കരൻ നമ്പൂതിരിയുടെ അപേക്ഷ.
4. കൊട്ടാരക്കര ഗ്രൂപ്പിലെ ചിറക്കടവ് പുല്ലാമല ദേവസ്വം ശാന്തി ശ്രീ.കെ.ആർ.സഞ്ജ്ജയന്റെ അപേക്ഷ.

1. ശ്രീ.സുരേഷ് ആർ പോറ്റി, പള്ളിയറക്കാവ് ദേവസ്വം, വൈക്കം ഗ്രൂപ്പ്.

വൈക്കം ഗ്രൂപ്പിലെ പള്ളിയറക്കാവ് ദേവസ്വം ശാന്തി ശ്രീ.സുരേഷ്. ആർ.പോറ്റി ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തി നിയമനത്തിനായി വൈക്കം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുമ്പാകെ ഹാജരാക്കിയ അപേക്ഷ സൂചന (1) ആയി ലഭിച്ചു.

ടിയാന്റെ അപേക്ഷ കൂടി ഉൾപ്പെടുത്തി പ്രാഥമിക ചുരുക്കപ്പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. (സൂചന 2)

എന്നാൽ പിന്നീടുള്ള പരിശോധനയിൽ ടിയാൻ 2020-21 കാലയളവിൽ പമ്പാ ദേവസ്വം മേൽശാന്തിയായി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതിനാൽ പൊതു സ്ഥലംമാറ്റ മാനദണ്ഡം ഖണ്ഡിക 33 പ്രകാരം ടിയാന്റെ അപേക്ഷ നിരസിച്ച് അന്തിമ പട്ടികയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

ഈ ആഫീസിലെ വ്യക്തമായ ഉത്തരവ് നിലനിൽക്കെ ആയതിന് വിരുദ്ധമായി ശ്രീ.സുരേഷ്.ആർ.പോറ്റിയുടെ അപേക്ഷ സൂക്ഷ്മ പരിശോധന നടത്താതെ ഈ ആഫീസിലേയ്ക്ക് അയച്ച വൈക്കം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ വിശദീകരണം വാങ്ങുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

2. ശ്രീ.വി.ശങ്കരൻ നമ്പൂതിരി, കൊച്ചരയാകുളങ്ങര ദേവസ്വം, ഹരിപ്പാട് ഗ്രൂപ്പ്.

ടിയാൻ 1198-എം.ഇ ചെട്ടികുളങ്ങര മേൽശാന്തി നിയമനത്തിനായി ഹരിപ്പാട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുമ്പാകെ അപേക്ഷ ഹാജരാക്കിയിട്ടുള്ളതായും എന്നാൽ 2019-2020 കാലയളവിൽ ശബരിമല ഉൾക്കഴകമായി

(മറുപുറം..)

നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തിട്ടുള്ളതിനാൽ ടിയാന്റെ ചെട്ടികുളങ്ങര ദേവസ്വത്തിലേയ്ക്കുള്ള അപേക്ഷ ഹരിപ്പാട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ നിരസിച്ചിട്ടുള്ളതായും ആയതിനാൽ ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തി നിയമനത്തിനായുള്ള പട്ടികയിൽ ടിയാന്റെ പേരും പരിഗണിക്കണമെന്നാണ് അപ്പീൽ അപേക്ഷയിലെ ആവശ്യം.

പൊതു സ്ഥലംമാറ്റ മാനദണ്ഡം ഖണ്ഡിക 33 പ്രകാരം ടിയാന്റെ അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

3. <u>ശ്രീ.കെ.ആർ.സഞ്ജയൻ, പുല്ലാമല ദേവസ്വം, കൊട്ടാരക്കര ഗ്രൂപ്പ്.</u>

ടിയാൻ **1198**-എം.ഇ ചെട്ടികുളങ്ങര മേൽശാന്തി നിയമനത്തിനായി കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുമ്പാകെ അപേക്ഷ ഹാജരാക്കി യിട്ടുള്ളതായും എന്നാൽ **2019-20** കാലയളവിൽ പി.ഡി മണികണ്ഠേശ്വരം ദേവസ്വം മേൽശാന്തിയായി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തിട്ടുള്ളതിനാൽ ടിയാന്റെ ചെട്ടികുളങ്ങര ദേവസ്വത്തിലേയ്ക്കുള്ള അപേക്ഷ കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ നിരസിച്ചിട്ടുള്ളതായും ആയതിനാൽ ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തി നിയമനത്തിനായുള്ള പട്ടികയിൽ ടിയാന്റെ പേരും പരിഗണിക്കണമെന്നാണ് അപ്പീൽ അപേക്ഷയിലെ ആവശ്യം.

പൊതു സ്ഥലംമാറ്റ മാനദണ്ഡം ഖണ്ഡിക 33 പ്രകാരം ടിയാന്റെ അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ - വൈക്കം, കൊട്ടാരക്കര, ഹരിപ്പാട്
3. ശ്രീ.സുരേഷ് ആർ പോറ്റി, പള്ളിയറക്കാവ് ദേവസ്വം, വൈക്കം ഗ്രൂപ്പ്.
   (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
4. ശ്രീ.വി.ശങ്കരൻ നമ്പൂതിരി, കൊച്ചരയാകുളങ്ങര ദേവസ്വം, ഹരിപ്പാട് ഗ്രൂപ്പ്.
   (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
5. ശ്രീ.കെ.ആർ.സഞ്ജയൻ, പുല്ലാമല ദേവസ്വം, കൊട്ടാരക്കര ഗ്രൂപ്പ്.
   (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
6. ഫെയർ ഓഫീസ് കോപ്പി.
7. വിവര സാങ്കേതിക വിഭാഗം

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.15/07